സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO: 12427/2018/PR

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
19/09/2018

## സർക്കുലർ

**വിഷയം:-** ഉപദേശകസമിതികളുടെ പ്രവർത്തനം സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ മണ്ഡലം-മകരവിളക്ക് സീസണുകളിൽ ലക്ഷകണക്കിന് അയ്യപ്പ ഭക്തൻമാർ എത്തിചേരുന്നുണ്ട്. ഉത്സവത്തിന് പിരിവ് നടത്തുന്നതിനായി സീൽ ചെയ്ത് നൽകുന്ന കൂപ്പണുകൾ ഉപയോഗിച്ച് അന്യദേശക്കാരായ അയ്യപ്പ ഭക്തൻമാരിൽ നിന്നും വൻ തോതിൽ പിരിവ് നടത്തുന്നതായി ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ക്ഷേത്ര വരുമാനത്തെ സാരമായി ബാധിക്കുകയും ഭക്തജനങ്ങളിൽ ദേവസ്വത്തെ കുറിച്ച് അവമതിപ്പിന് ഇടയാക്കുകയും ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ഉപദേശകസമിതി സംബന്ധിച്ച ബൈലായ്ക്ക് വിരുദ്ധവുമാണ്. ക്ഷേത്ര കോമ്പൗണ്ടുകളിൽ അയ്യപ്പഭക്തൻമാരെയും ഭക്തജനങ്ങളെയും തടഞ്ഞ് ഉപദേശകസമിതികളുടെ നിർബന്ധിതപണപ്പിരിവ് നടത്തുന്ന രീതി അംഗീകരിക്കുവാൻ കഴിയുന്നതല്ല. മേൽപ്രകാരം ഡിപ്പാർട്ടുമെന്റ് ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉപദേശകസമിതികളുടെ അംഗീകാരം റദ്ദ് ചെയ്യുന്നതാണെന്ന വിവരം എല്ലാ ഉപദേശകസമിതി ഭാരവാഹികളെയും അറിയിക്കേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്-

1. സെക്രട്ടറി,തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
3. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ

(മറുപുറം)

4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
6. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
7. എൻ.എസ്-1., എൻ.എസ്-2 സെക്ഷൻ ദേവസ്വം കമ്മീഷണർ ആഫീസ്
8. ഇ.ഡി.പി സെക്ഷൻ, ദേവസ്വം ബോർഡ് ആഫീസ്
9. സെക്ഷൻ ഫയൽ
10. ഫെയർ ആഫീസ് കോപ്പി

RA